### കുവൈത്തിലെ സിറോ മലബാർ കൾച്ചറൽ അസോസിയേഷന്റെ പ്രവർത്തനങ്ങളിലേക്ക്...

# മണലാരണ്യത്തിൽ നസ്രാണി വസന്തം

പ്രഫ. ജോർജ് മേനാച്ചേരി



മഹാകവി വള്ളത്തോൾ നാരായണമേനോൻ കുവൈത്ത് സന്ദർശിച്ചിട്ടുണ്ടോ എന്നറിയില്ല. എന്നാൽ ഇക്കഴിഞ്ഞ ജൂലൈ മാസത്തിൽ ചുട്ടുപഴുക്കുന്ന കുവൈത്തിന്റെ ഏറ്റവും കൃത്യമായ ഒരു വിവരണം അദ്ദേഹത്തിന്റെ വരികളിലുണ്ട്.

"കഴൽച്ചുവട്ടിലിത്തിരിയൊന്നുതൊട്ടാൽ
മുഴുക്കെപ്പൊള്ളിപ്പോമെരിമണൽപ്പുറം,
തലയ്ക്കുമീതെയോ കവിഴ്ന്നുനിന്നു തീ
യൊളിവെയിൽതൂകുംനഭോനെരിപ്പോടും."

–പോരാത്തതിന് കണ്ണിലും മൂക്കിലും ചെവിയിലും മണൽ വിതറുന്ന പൊടിക്കാറ്റും.

പ്രകൃതിയുടെ ഈ കാഠിന്യത്തെ വകവയ്ക്കാതെ, അതിനെതിരെ മല്ലടിച്ച് രാപ്പകൽ എല്ലുനുറുങ്ങെ അധ്വാനിക്കുമ്പോഴും സ്വന്തം പൈതൃകത്തെയും മലയാള ഭാഷയെയും മാതൃസഭയെയും നെഞ്ചിലേറ്റി നടക്കുന്ന കുവൈത്തിലെയും മറ്റു ഗൾഫ് രാജ്യങ്ങളിലെയും കേരളീയരെ 'നമ്മുടെ മലയാള ഭാഷ'ക്കാരും മറ്റും കാണാതിരിക്കുന്നത് സങ്കടകരമെന്ന് തോന്നിച്ച ഒരവസരമായിരുന്നു ജൂലൈയിൽ അവിടങ്ങളിൽ ഞാൻ നടത്തിയ സന്ദർശനം.

ഇന്ത്യൻ എംബസിയുടെ അംഗീകാരമുള്ള കുവൈത്ത് സിറോ മലബാർ കൾച്ചറൽ അസോസിയേഷൻ 10 ദിവസത്തെ സന്ദർശനത്തിനു ക്ഷണിച്ചതാണ് ഇതിനു അവസരമൊരുക്കിയത്. മാർ തോമാശ്ലീഹാ ദിന പരിപാടികളോടനുബന്ധിച്ചുള്ള രണ്ടു ദിവസത്തെ യുവജന സെമിനാറുകൾ, അഞ്ചു ദിവസത്തെ സഭാചരിത്ര സെമിനാറുകൾ, ചരിത്ര–സാംസ്കാരിക പ്രദർശനം, ആയിരം പേർ പങ്കെടുത്ത കുവൈത്ത് മെഡിക്കൽ അസോസിയേഷൻ ഓഡിറ്റോറിയത്തിലെ സമാപന സമ്മേളനം, ക്വിസ് പരിപാടികൾ ഇവയിലൊക്കെ പങ്കെടുക്കാനും പ്രഭാഷണങ്ങൾ നടത്താനും ക്ലാസുകൾ എടുക്കാനുമൊക്കെയായാണ് ഞാൻ അവിടെ എത്തിയത്.

കുവൈത്തിലുള്ള ആയിരക്കണക്കിന് സംഘടനാംഗങ്ങളെയും പലരുടെയും കുടുംബങ്ങളെയും സന്ദർശിച്ചപ്പോൾ അവരുടെ രൂഢമൂലമായ മാർ തോമാ ചൈതന്യവും സഭാ സ്നേഹവും പൈതൃകത്തിലുള്ള അഭിമാനവും ഭാഷാസ്നേഹവും കേരളത്തിൽ കാരുണ്യ പ്രവർത്തികൾ ചെയ്യാനുള്ള അവരുടെ അദമ്യമായ ആവേശവും എന്നെ കോരിത്തരിപ്പിച്ചു. ഇതുപോലുള്ള സഭാസ്നേഹവും ഭാഷാസ്നേഹവും ഞാൻ കണ്ടിട്ടില്ല. ഇല്ല, കേരളത്തിൽപ്പോലും – യേശുവിന്റെ തിരുവചനങ്ങൾ ഓർക്കാനേ എന്നെക്കൊണ്ടാവൂ (ലൂക്ക 7:9, മത്തായി 8:10). കൂട്ടത്തിൽ ഓർക്കുക: നാടും വീടും ഉപേക്ഷിച്ച് കഠിനാധ്വാനം ചെയ്തു നേടുന്ന ചില്ലിക്കാശിൽ നിന്ന് മിച്ചം വച്ച് തൃശൂർ, എറണാകുളം, താമരശേരി തുടങ്ങിയ രൂപതകളിലെ ഭവനരഹിതരായ 842 കുടുംബങ്ങൾക്ക് 10 കോടി രൂപ ചെലവഴിച്ച് ഈ സംഘടന ഇതിനകം വീട് വെച്ചു നൽകിക്കഴിഞ്ഞു.

മക്കൾ കൈവിട്ടുപോകാതിരിക്കാൻ സിറോ മലബാർ സഭയുടെ ഔദ്യോഗിക വിശ്വാസ പരിശീലന ക്ലാസുകൾ പലവിധ എതിർപ്പുകൾക്കിടയിലും പൂർണമായും മലയാളത്തിൽ തന്നെ നടത്തിക്കൊണ്ടുപോരുന്ന കാര്യത്തിൽ അവരെ മുക്തകണ്ഠം അഭിനന്ദിച്ചേ പറ്റൂ. അസോസിയേഷൻ പ്രസിഡന്റ് ജേക്കബ് പൈനാടത്ത്, സെക്രട്ടറി ബിജോയ് പാലാക്കുന്നേൽ, ട്രഷറർ ലൂവീസ് നേര്യംപറമ്പിൽ, സംഘാടകനായ ഷാജി, യൂത്ത് ആനിമേറ്റർ അഭിലാഷ് എന്നിങ്ങനെ നിരവധി പേർ പ്രത്യേക പരാമർശം അർഹിക്കുന്നുണ്ട്.

നാട്ടിൽപോകാൻ കഴിയാത്തവർക്ക് ടിക്കറ്റെടുത്തു കൊടുക്കാനും മരിച്ചവരെയും അവരുടെ ബന്ധുക്കളെയും നാട്ടിലെത്തിക്കാനും അവർക്കുവേണ്ടി പ്രാർഥനാ കൂട്ടായ്മ ഒരുക്കാനുമെല്ലാം സംഘടനാംഗങ്ങൾ കാണിക്കുന്ന ഉൽസാഹം നാട്ടിലെ ജീവകാരുണ്യ പ്രവർത്തനസംഘടനകൾക്കെല്ലാം അനുകരണീയമാണ്.

കേരളീയ പൈതൃകത്തിലെ ഗാനസമ്പത്തും നൃത്ത–നാടക വൈദഗ്ധ്യവും പ്രകടമാക്കുന്ന നമ്മുടെ യൂത്ത് ഫെസ്റ്റിവലുകളിലെ പ്രകടനങ്ങളെ പലപ്പോഴും കവച്ചുവയ്ക്കുന്ന പരിപാടികളാണ് ഈ ദിവസങ്ങളിൽ നാലു മേഖലകളിൽപ്പെട്ട മലയാളികൾ കാഴ്ചവച്ചത്.

വിപുലമായ ചരിത്ര സാംസ്കാരിക പ്രദർശനം അവതരിപ്പിച്ചവർ പ്രകടിപ്പിച്ച ഗവേഷണ ത്വരയും കലാപാടവവും അത്ഭുതപ്പെടുത്തുന്നതായിരുന്നു. പകലന്തിയോളം പണിയെടുത്ത് ക്ഷീണിച്ചിട്ടും രാത്രി ഏഴുമുതൽ പത്തുവരെ സെമിനാറുകളിലും മറ്റും മുടങ്ങാതെ പങ്കെടുക്കാനെത്തിയവരുടെ പ്രതിബദ്ധതയെ എങ്ങനെ അഭിനന്ദിക്കണമെന്നറിയില്ല.

പിറ്റേന്നു എഴുന്നേറ്റ് ഓഫിസിലും ഹോസ്പിറ്റലിലും പണിസ്ഥലങ്ങളിലും പോകേണ്ടവരാണ് അവരെന്നു ആർക്കും തോന്നില്ല, പാതിരാ വരെയുള്ള അവരുടെ ചോദ്യങ്ങളും അന്വേഷണങ്ങളും കേൾക്കുമ്പോൾ. നസ്രാണി ഫുഡ് കൗണ്ടറിലെ പുട്ടും അപ്പവും കപ്പയും പിടിയും ഒക്കെ രുചിയ്ക്കാനും അവർ താൽപര്യമെടുക്കുന്നുണ്ടായിരുന്നു.

എന്തുകൊണ്ട് നമ്മുടെ സന്യസ്ത സഭകൾക്കും ഫൊറോനകൾക്കും സംഘടനകൾക്കും സ്വന്തം സഭാചരിത്ര, സാംസ്കാരിക രംഗത്തെ അറിവും ആവേശവും സഭാസ്നേഹവും ഭാഷാസ്നേഹവും വളർത്താനുതകുന്ന ഇത്തരം ഗൗരവപൂർണമായ പൈതൃക ജ്ഞാന യജ്ഞങ്ങൾ നടത്തിക്കൂടാ എന്ന് ചിന്തിച്ചുപോകുന്നു.